**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2907** **12-07-2022 - ൽ മറുപടിയ്ക്ക്**

**വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത കുടിവെള്ള പദ്ധതി എന്ന് പൂർത്തിയാക്കാനാകും; വിശദാംശം ലഭ്യമാക്കാമോ? | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ പള്ളിച്ചൽ, വിളവൂർക്കൽ ഗ്രാമപഞ്ചായത്തുകൾക്കും കോവളം നിയോജക മണ്ഡലത്തിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയ്ക്ക് ഒന്നാം ഘട്ടത്തിൽ 3862.49 ലക്ഷം രൂപയുടെ ഭരണാനുമതിയും, രണ്ടാം ഘട്ടത്തിൽ 1024 ലക്ഷം രൂപയുടെ ഭരണാനുമതിയും നബാർഡിന്റെ സാമ്പത്തിക സഹായത്താൽ നൽകിയിരുന്നു.<br><br>ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണവും, പുതിയ പമ്പിംഗ് മെയിനുകളുടെയും, പമ്പ് സെറ്റുകളുടെയും പ്രവൃത്തികളും പൂർത്തിയാക്കി 2014-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും, ചൂഴാറ്റുകോട്ട ജലശുദ്ധീകരണ ശാലയിൽ നിന്ന് ശുദ്ധജലം പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജല സംഭരണികളിലെത്തിച്ച് , നിലവിലുള്ള ജല വിതരണ ശൃംഖല വഴി പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്ക് ശുദ്ധജലം ലഭ്യമാക്കുകയും ചെയ്തു.<br><br>പിടാരത്തെയും, പൂവടയിലെയും ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികളും, ജലവിതരണശൃംഖല സ്ഥാപിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ച് ഭാഗികമായി ഇരു പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടത്തി വരുന്നു.<br><br>ഈ പദ്ധതിയുടെ ഭാഗമായി ബാലരാമപുരം പഞ്ചായത്തിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി വണിഗർ തെരുവിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിരുന്നു. ടി ഉപരിതല |

| | | | |
|---|---|---|---|
| | | | ജല സംഭരണിയിലേയ്ക്ക് ശുദ്ധ ജലമെത്തിക്കേണ്ടത് മൊട്ടമൂട് ജലസംഭരണിയിൽ നിന്നുമാണ് . ഇതിനായി മൊട്ടമൂട് മുതൽ ഉപരിതല ജലസംഭരണി വരെ റെയിൽവേ ക്രോസ്സിംഗ് ഒഴികെയുള്ള ഭാഗങ്ങളിൽ പൈപ്പ് ലൈനും സ്ഥാപിച്ചിരുന്നു. അതേസമയം സിവിൽ കേസ് കാരണം മൊട്ടമൂടിലെ ജല സംഭരണികളുടെയും, പമ്പ് ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ നടത്താനായിട്ടില്ല.<br><br>ഭാഗികമായി കമ്മീഷൻ ചെയ്ത ഈ പദ്ധതിയിൽ നിന്നും ഇപ്പോൾ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട് . വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും ജലവിതരണ സംവിധാനം ഒരുക്കുന്നതിനും എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം എത്തിച്ചു നൽകുന്നതിനും വേണ്ടി ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 7067 കണക്ഷനുകൾ നൽകുന്നതിനായി 3570.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ആയതിൽ 100 കുടുംബങ്ങൾക്ക് കണക്ഷൻ നൽകി കഴിഞ്ഞു. ഈ പദ്ധതി 30.06.2023 ഓടുകൂടി പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിൽ പൂർണ്ണമായ ജലവിതരണ സംവിധാനം ഒരുക്കുന്നതിനും എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം എത്തിച്ചു നൽകുന്നതിനും ജലജീവൻ മിഷൻ പദ്ധതി പ്രകാരം12378 കണക്ഷനുകൾ നൽകുന്നതിനുമായി 4312.45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഇതിൽ 1020 കണക്ഷനുകൾ നൽകി കഴിഞ്ഞു. 30.06.2023 ഓടുകൂടി ഈ പ്രവൃത്തിയും പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>മേൽപ്പറഞ്ഞ രണ്ട് JJM പദ്ധതിയും പൂർത്തീകരിക്കുന്നതിന് ജലസംഭരണിയും പമ്പ് ഹൗസും നിർമ്മിക്കേണ്ടത് മൊട്ടമൂടിലെ സ്ഥലത്താണ് . എന്നാൽ ആയത് സംബന്ധിച്ച് കോടതി വ്യവഹാരം ഉള്ളതിനാൽ കോടതിയുടെ അന്തിമ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. കൂടാതെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി റെയിൽവേ, ദേശീയ പാത അധികൃതർ എന്നിവരുടെ അനുമതി ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ